# **കാറ്റഗറി നമ്പർ : 206/2024**

15.05.2013 ലെ G.O (MS) No. 53/2013/F&WLD, 23.08.2013 ലെ G.O (MS) No. 80/2013/Forest എന്നീ സർക്കാർ ഉത്തരവുകൾ പ്രകാരം കേരള സംസ്ഥാന സർവ്വീസിൽ വനം വകുപ്പിൽ ഫോറസ്റ്റ് വാച്ചർ തസ്തികയിലേയ്ക്ക് വനത്തെ മാത്രം ആശ്രയിച്ച് കഴിയുന്ന പുരുഷന്മാരായ പട്ടികവർഗ്ഗ ആദിവാസികൾക്ക് വേണ്ടിയുള്ള പ്രത്യേക നിയമനത്തിനായി ആ വിഭാഗത്തിൽപ്പെട്ട യോഗ്യതയുള്ള ഉദ്യോഗാർത്ഥികളിൽ നിന്നും ഇതോടൊപ്പം ചേർത്തിരിക്കുന്ന അപേക്ഷാ ഫോറത്തിൽ അപേക്ഷകൾ ക്ഷണിക്കുന്നു .

1. **വകുപ്പ്** : വനം
2. **ഉദ്യോഗപ്പേര്** : ഫോറസ്റ്റ് വാച്ചർ (പ്രത്യേക നിയമനം)
3. **ശമ്പള നിരക്ക്** : ₹. 23,000 – 50,200/-
4. **ഒഴിവുകളുടെ എണ്ണം** : ജില്ലാടിസ്ഥാനത്തിൽ
   കോഴിക്കോട് - 01 (ഒന്ന്)

കുറിപ്പ് :- (i) ഈ ഒഴിവ് ഇപ്പോൾ നിലവിലുള്ളതാണ്. ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റ് പ്രാബല്യത്തിൽ വരുന്ന തീയതി മുതൽ ഏറ്റവും കുറഞ്ഞത് ഒരു വർഷവും ഏറ്റവും കൂടിയത് മൂന്നു വർഷവും നിലവിലിരിക്കുന്നതാണ്. എന്നാൽ ഒരു വർഷത്തിനു ശേഷം ഇതേ ഉദ്യോഗത്തിന് ഒരു പുതിയ റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിക്കപ്പെടുകയാണെങ്കിൽ ആ തീയതി മുതൽ ഈ വിജ്ഞാപന പ്രകാരം തയ്യാറാക്കപ്പെടുന്ന റാങ്ക് ലിസ്റ്റിന് പ്രാബല്യമുണ്ടായിരിക്കുന്നതല്ല. മുകളിൽ കാണിച്ചിട്ടുള്ള ഒഴിവിലേയ്ക്കും ലിസ്റ്റ് പ്രാബല്യത്തിലിരിക്കുന്ന സമയത്ത് വനത്തെ മാത്രം ആശ്രയിച്ച് ഉപജീവനം നടത്തുന്ന പട്ടികവർഗ്ഗക്കാരായ ആദിവാസികൾക്ക് മാത്രമായി എഴുതി അറിയിക്കപ്പെടുന്ന ഈ ജില്ലയിലെ കൂടുതൽ ഒഴിവുകളിലേയ്ക്കും പ്രസ്തുത ലിസ്റ്റിൽ നിന്നും നിയമനം നടത്തുന്നതാണ്.

(ii) 15.05.2013 ലെ G.O (Ms) 53/13/F&WLD പ്രകാരം ഈ തസ്തികയുടെ തെരഞ്ഞെടുപ്പ് പട്ടികവർഗ്ഗത്തിൽപ്പെട്ട പുരുഷന്മാരായ ആദിവാസികൾക്കു മാത്രമായി പരിമിതപ്പെടുത്തിയിട്ടുള്ളതിനാൽ ഈ വിജ്ഞാപന പ്രകാരമുള്ള തെരഞ്ഞെടുപ്പ് ജില്ലാ അടിസ്ഥാനത്തിൽ ആയിരിക്കും. കോഴിക്കോട് ജില്ലയിൽ നിന്നുള്ള ഉദ്യോഗാർത്ഥികളെ മാത്രമേ പരിഗണിക്കുകയുള്ളൂ.

5. **നിയമന രീതി** : വനത്തെ മാത്രം ആശ്രയിച്ച് ഉപജീവനം നടത്തുന്ന പുരുഷന്മാരായ പട്ടികവർഗ്ഗ ആദിവാസികളിൽ നിന്നും നേരിട്ടുള്ള നിയമനം.

**കുറിപ്പ് :-**

**1.** ടി വിഭാഗത്തിലെ പുരുഷൻമാർ മാത്രമേ ഈ തസ്തികയ്ക്ക് അപേക്ഷിക്കുവാൻ പാടുള്ളൂ.

2. വനാശ്രിതരായ ആദിവാസി-പട്ടികവർഗ്ഗത്തിൽപ്പെടാത്ത ഉദ്യോഗാർത്ഥികൾ സമർപ്പിക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്. അങ്ങനെയുള്ളവർക്ക് അപേക്ഷ നിരസിച്ചുകൊണ്ടുള്ള അറിയിപ്പ് പ്രത്യേകമായി നൽകുന്നതല്ല.

3. വികലാംഗർ ഈ ഉദ്യോഗത്തിന് അപേക്ഷിക്കുവാൻ അർഹരല്ല.

6. **പ്രായപരിധി** : 18-50. ഉദ്യോഗാർത്ഥികൾ 02.01.1974-നും 01.01.2006-നും ഇടയിൽ ജനിച്ചവരായിരിക്കണം (രണ്ടു തീയതികളും ഉൾപ്പെടെ). പ്രായപരിധി സംബന്ധിച്ചുള്ള മറ്റാനുകൂല്യങ്ങളൊന്നും നൽകുന്നതല്ല.

7. **യോഗ്യതകൾ** :-

കോഴിക്കോട് ജില്ലയിലെ വനാതിർത്തിയിലോ, വനത്തിലോ ഉള്ള ആദിവാസി സെറ്റിൽമെന്റുകളിൽ താമസിക്കുന്ന ആരോഗ്യവാൻമാരും, സാക്ഷരരും ആയ പുരുഷന്മാർ ആയിരിക്കണം.

കുറിപ്പ് :

തെരഞ്ഞെടുക്കപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് ഫോറസ്റ്റ് സ്കൂളിലോ/ട്രെയിനിംഗ് സെന്ററിലോ മൂന്നു മാസത്തെ പരിശീലനം നൽകുന്നതായിരിക്കും.

**പ്രത്യേക ആനുകൂല്യങ്ങൾ** : റാങ്ക് ലിസ്റ്റ് തയ്യാറാക്കുമ്പോൾ അവിവാഹിതരായ അമ്മമാരുടെ മക്കൾക്കും വനം വകുപ്പിൽ താത്ക്കാലിക വാച്ചർമാരായി സേവനമനുഷ്ഠിക്കുന്നവർക്കും ക്രമപ്രകാരം മുൻഗണന നൽകുന്നതാണ്.

8. **<u>അപേക്ഷ സമർപ്പിക്കേണ്ട രീതി :</u>**

കോഴിക്കോട് ജില്ലാ ആഫീസറുടെ മേൽവിലാസത്തിൽ ഇതോടൊപ്പം നൽകിയിരിക്കുന്ന മാതൃകയിൽ വെള്ള പേപ്പറിൽ എഴുതി തയ്യാറാക്കിയതോ, ടൈപ്പ് ചെയ്തതോ ആയ അപേക്ഷ അയയ്ക്കേണ്ടതാണ്. അപേക്ഷ ഫീസ് ഇല്ല. കവറിന്റെ മുകൾ ഭാഗത്ത് അപേക്ഷിക്കുന്ന തസ്തികയുടെ പേര്, വകുപ്പിന്റെ പേര്, കാറ്റഗറി നമ്പർ എന്നിവ എഴുതേണ്ടതാണ്. ഉദ്യോഗാർത്ഥിയുടെ പേരും, മേൽവിലാസവും കവറിന്റെ ഇടതു വശത്തും, അപേക്ഷ അയയ്ക്കേണ്ട വിലാസം വലതു വശത്തും എഴുതേണ്ടതാണ്.

<u>കുറിപ്പ് :- അപേക്ഷയിൽ കാണിച്ചിട്ടുള്ള വിവരങ്ങളും, അപേക്ഷയോടൊപ്പം സമർപ്പിച്ചിട്ടുള്ള സർട്ടിഫിക്കറ്റുകളും വ്യാജമാണെന്ന് പിന്നീട് തെളിയുന്ന പക്ഷം യാതൊരു മുന്നറിയിപ്പും കൂടാതെ നിയമന ശിപാർശ നിരുപാധികമായി റദ്ദ് ചെയ്യുന്നതാണ്.</u>

**<u>അപേക്ഷയുടെ മാതൃക</u>**

| | | | |
|---|---|---|---|
| 1 | തസ്തികയുടെ പേര് | : | |
| 2 | കാറ്റഗറി നമ്പർ | : | |
| 3 | അപേക്ഷ സമർപ്പിക്കുന്ന ജില്ല | : | |
| 4 | അപേക്ഷകന്റെ പേര് | : | |
| 5 | അപേക്ഷകന്റെ പിതാവിന്റെ/ മാതാവിന്റെ/രക്ഷകർത്താവിന്റെ പേര് | : | |
| 6 | അപേക്ഷകന്റെ ജനന തീയതി, വയസ്സ് (01.01.2024 ൽ 50 വയസ്സ് കവിയരുത്) | : | |
| 7 | അപേക്ഷകന്റെ ജാതി | : | |
| 8 | സ്ത്രീയോ/പുരുഷനോ | : | |
| 9 | സ്ഥിരം മേൽവിലാസം | : | |
| 10 | യോഗ്യത | : | |
| 11 | വാച്ചറായി വനം വകുപ്പിൽ ജോലി ചെയ്തിട്ടുണ്ടോ? | : | ഉണ്ട് / ഇല്ല |
| 12 | ഉണ്ടെങ്കിൽ എത്ര കാലം ജോലി ചെയ്തിട്ടുണ്ട് | : | |
| 13 | അവിവാഹിതയായ അമ്മയുടെ മകൻ ആണോ? | : | |

മുകളിൽ പറഞ്ഞിരിക്കുന്ന വിവരങ്ങൾ എന്റെ അറിവിൽ ശരിയാണെന്ന് ഇതിനാൽ സാക്ഷ്യപ്പെടുത്തിക്കൊള്ളുന്നു.

സ്ഥലം :

അപേക്ഷകന്റെ ഒപ്പ്

തീയതി :

ഉദ്യോഗാർത്ഥിയുടെ പേര് :

ഫോൺ നമ്പർ :

<u>**23.08.2013** ലെ സ.ഉ (എം.എസ്) നമ്പർ : 80/13/വനം പ്രകാരം അപേക്ഷയോടൊപ്പം താഴെപ്പറയുന്ന രേഖകൾ കൂടി സമർപ്പിക്കേണ്ടതാണ്.</u>

1) ജനനത്തീയതി/പ്രായം തെളിയിക്കുന്ന സർട്ടിഫിക്കറ്റ്.
2) അപേക്ഷകർ ഗിരി വർഗ്ഗക്കാരാണെന്ന് തെളിയിക്കുന്ന റവന്യൂ അധികാരികൾ നൽകുന്ന സർട്ടിഫിക്കറ്റ്.
3) ഗിരിവർഗ്ഗ സെറ്റിൽമെന്റിൽ സ്ഥിരം താമസക്കാരനാണെന്ന് തെളിയിക്കുന്ന റേഞ്ച് ഫോറസ്റ്റ് ഓഫീസർ / ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ സർട്ടിഫിക്കറ്റ്.
4) അപേക്ഷകർ നിലവിൽ വനം വകുപ്പിൽ വാച്ചറായി സേവനം അനുഷ്ഠിച്ച് വരുന്നതോ സേവനം അനുഷ്ഠിച്ചിരുന്നതോ എന്ന് തെളിയിക്കുന്ന റേഞ്ച് ഫോറസ്റ്റ് ഓഫീസറുടെയോ അതിനു മുകളിലോ ഉള്ള വനം വകുപ്പ് ഉദ്യോഗസ്ഥൻ നൽകുന്ന സർട്ടിഫിക്കറ്റ്.
5) അപേക്ഷകർ അവിവാഹിതരായ അമ്മമാരുടെ മക്കളാണെങ്കിൽ അക്കാര്യം റേഞ്ച് ഫോറസ്റ്റ് ആഫീസറോ, അതിന് മുകളിലുള്ള വനം വകുപ്പ് ഉദ്യോഗസ്ഥരോ സാക്ഷ്യപ്പെടുത്തുന്ന സർട്ടിഫിക്കറ്റ്.

**വനം വകുപ്പിൽ ഫോറസ്റ്റ് വാച്ചർ തസ്തികയ്ക്കായി അപേക്ഷയോടൊപ്പം അപേക്ഷകർ ഗിരി വർഗ്ഗ സെറ്റിൽമെന്റിൽ സ്ഥിരം താമസക്കാരനാണെന്ന് തെളിയിക്കുന്ന റേഞ്ച് ഫോറസ്റ്റ് ഓഫീസർ / ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസറുടെ സാക്ഷ്യപത്രം മാതൃക**

**സാക്ഷ്യപത്രം**

........................................................ തീയതിയിലെ ഗസറ്റ് വിജ്ഞാപന പ്രകാരം ............................... തസ്തികയിലേയ്ക്ക് (Category No. ..............................) അപേക്ഷ സമർപ്പിച്ച ശ്രീ ................................................. രക്ഷിതാവിന്റെ പേര് ..................................................... കേരള സംസ്ഥാനത്തെ ............................................ ജില്ലയിലെ ......................................... താലൂക്കിലെ ................................ വില്ലേജിലെ ......................................... താഴെ പറയുന്ന പ്രദേശത്തെ സ്ഥിര താമസക്കാരനാണെന്നും സാക്ഷ്യപ്പെടുത്തുന്നു.

1. ബ്ലോക്കിന്റെ പേര് :
2. വനാന്തരം / വനാതിർത്തി :
   (ബാധകമായത് എഴുതി ചേർക്കുക)
3. സെറ്റിൽമെന്റ് കോളനിയിലെ സ്ഥിര താമസക്കാരനാണോ? അതെ / അല്ല
4. ആണെങ്കിൽ കോളനിയുടെ പേര് :

ഈ സാക്ഷ്യപത്രം മേൽ തസ്തികയ്ക്കു വേണ്ടി കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ഓഫീസിൽ ഹാജരാക്കുന്നതിനു വേണ്ടി നൽകിയിട്ടുള്ളതാണ്.

പേര് :
ഉദ്യോഗപ്പേര് :
സ്ഥലം : (റേഞ്ച് ഫോറസ്റ്റ് ഓഫീസർ / ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ)
തീയതി : ഔദ്യോഗിക വിലാസം :

(ഓഫീസ് സീൽ)

**വനം വകുപ്പിൽ ഫോറസ്റ്റ് വാച്ചർ തസ്തികയ്ക്കായി അപേക്ഷയോടൊപ്പം അപേക്ഷകർ നിലവിൽ വനം വകുപ്പിൽ വാച്ചറായി സേവനം അനുഷ്ഠിച്ച് വരുന്നതോ / അനുഷ്ഠിച്ചിരുന്നതോ എന്ന് തെളിയിക്കുന്നതിനായി ഹാജരാക്കേണ്ട സർട്ടിഫിക്കറ്റ് മാതൃക**

**സർവ്വീസ് സർട്ടിഫിക്കറ്റ്**

1. ഉദ്യോഗാർത്ഥിയുടെ പേര് :
2. ഇപ്പോൾ / മുൻപ് ഉദ്യോഗാർത്ഥി വഹിക്കുന്ന / വഹിച്ചിരുന്ന :
   തസ്തികയുടെ പേരും ശമ്പള സ്കെയിലും
3. ഉദ്യോഗാർത്ഥി ഏത് സർവ്വീസിൽപ്പെടുന്നു / :
   സർവ്വീസിൽ പെട്ടിരുന്നു എന്ന്
4. സർവ്വീസ് തുടങ്ങിയ തീയതി :
5. സർവ്വീസ് വിശദാംശങ്ങൾ :

| ക്രമ നമ്പർ | വഹിച്ച തസ്തിക | കാലം | | സർവ്വീസ് ദൈർഘ്യം | | |
|---|---|---|---|---|---|---|
| | | മുതൽ | വരെ | വർഷം | മാസം | ദിവസം |
| | | | | | | |
| ആകെ സർവ്വീസ് | | | | | | |

**സാക്ഷ്യപത്രം**

വനം വകുപ്പിൽ ഫോറസ്റ്റ് വാച്ചറായി / ആയിരുന്ന ശ്രീ. ............................................ എന്ന ഉദ്യോഗസ്ഥനെ സംബന്ധിച്ച് മുകളിൽ പ്രസ്താവിച്ച വിവരങ്ങൾ ശരിയാണെന്ന് ബോദ്ധ്യപ്പെട്ടു എന്ന വിവരം സാക്ഷ്യപ്പെടുത്തി കൊള്ളുന്നു.

പേര് :
ഉദ്യോഗപ്പേര് :
സ്ഥലം : (റേഞ്ച് ഫോറസ്റ്റ് ഓഫീസർ / ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ)
തീയതി : ഔദ്യോഗിക വിലാസം :

(ഓഫീസ് സീൽ)

9. **അപേക്ഷ സ്വീകരിക്കുന്ന അവസാന തീയതി: 14.08.2024** ബുധനാഴ്ച വൈകുന്നേരം 5 മണി വരെ

10. **അപേക്ഷ അയയ്ക്കേണ്ട വിലാസം** :

ജില്ലാ ഓഫീസർ,
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ജില്ലാ ഓഫീസ്,
സിവിൽ സ്റ്റേഷൻ,
കോഴിക്കോട് – 673 020.

കുറിപ്പ് :- ജില്ലാ ഓഫീസർ, കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ ജില്ലാ ഓഫീസ്, കോഴിക്കോട് എന്ന മേൽവിലാസത്തിൽ അല്ലാതെ കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ സെക്രട്ടറിയുടെയോ, അഡീഷണൽ സെക്രട്ടറിയുടെയോ, റീജിയണൽ ആഫീസറുടെയോ, ഡെപ്യൂട്ടി സെക്രട്ടറിയുടെയോ പേരിൽ അയയ്ക്കുന്ന അപേക്ഷകൾ നിരസിക്കുന്നതാണ്.

11. നിയമനങ്ങൾ നടത്തുന്നത് ഈ വിജ്ഞാപനം ആസ്പദമാക്കി തയ്യാറാക്കുന്ന റാങ്ക് ലിസ്റ്റിലെ റാങ്ക് അനുസരിച്ചും 15.05.2013 ലെ G.O (MS) No. 53/2013/F&WLD, 23.08.2013 ലെ G.O (MS) No. 80/13/Forest എന്നീ സർക്കാർ ഉത്തരവുകളിലെ വ്യവസ്ഥകൾ അനുസരിച്ചും ആയിരിക്കും.

സാജു ജോർജ്ജ്
സെക്രട്ടറി
കേരള പബ്ലിക് സർവ്വീസ് കമ്മീഷൻ